# ‘നിന്റെ വാക്കുകളെ സൂക്ഷിക്കുക’

## എഫേസ്യർ 4:29

“കേൾക്കുന്നവർക്കു കൃപ ലഭിക്കേണ്ടതിന്നു ആവശ്യം പോലെ ആത്മികവർദ്ധനെക്കായി നല്ല വാക്കല്ലാതെ ആകാത്തതു ഒന്നും നിങ്ങളുടെ വായിൽ നിന്നു പുറപ്പെടരുതു”

ഈ ലോകത്തിൽ ജീവിക്കുമ്പോൾ ഒരു ദൈവപൈതലിനെ വിശുദ്ധിയിലേക്ക് നയിക്കുന്നത് അദ്ദേഹത്തിന്റെ ദൈവവുമായുള്ള ബന്ധവും ലോകവുമായുള്ള ബന്ധത്തിൽ പാലിക്കേണ്ടതുമായ ചില വേർപാടുകളുടെ മാനദണ്ഡവും ഒക്കെ വച്ചിട്ടാണ് എന്നു വേണമെങ്കിൽ നമുക്ക് പറയാം. കാരണം ഈ ലോകത്തിൽ ആയിരുന്നു കൊണ്ട് ലോകത്തിലെ സകല മോഹങ്ങളെയും വിട്ട് ദൈവത്തോടു മാത്രം സമർപ്പണമുള്ള ഒരു ജീവിതം നയിക്കുന്ന ഒരാൾക്കു മാത്രമേ ജീവിത വിശുദ്ധിയിലേക്ക് കടക്കുവാൻ സാധിക്കുകയുള്ളൂ. അതിൽ പാലിക്കേണ്ട ചില ജീവിത മര്യാദകളിൽ ഒന്നാണ് നമ്മുടെ സംസാരം. വായിൽ നിന്നു വരുന്ന ഓരോ വാക്കിനും നാം ദൈവത്തോട് കടപ്പെട്ടിരിക്കുന്നു എന്നു വേണമെങ്കിൽ പറയാം. ദൈവ പൈതൽ സംസാരിക്കാൻ വായ് തുറന്നാൽ അത് ദൈവത്തിൻ വചനത്തിനൊത്തവണ്ണമുള്ള ഒരു രീതിയിലായിരിക്കണം അവന്റെ നാവിനെ നയിക്കേണ്ടത്. കാരണം ക്രിസ്തു എങ്ങനെയാണോ ഈ ലോകത്തോട് സംസാരിക്കാനുദ്ദേശിക്കുന്നത് അതിന്റെ പ്രതിരൂപമായിട്ടാണ് ആ വ്യക്തിയുടെവാക്കുകളെ ലോകം വിലയിരുത്തുന്നത്.

അതു കൊണ്ടാണ് പൗലോസ് തന്റെ ലേഖനത്തിൽ നമ്മെ ഓർമ്മിപ്പിക്കുന്നത് കേൾക്കുന്നവർക്കു കൃപ ലഭിക്കേണ്ടതിന്നു ആവശ്യം പോലെ ആത്മികവർദ്ധനെക്കായി നല്ല വാക്കല്ലാതെ ആകാത്തതു ഒന്നും നിങ്ങളുടെ വായിൽ നിന്നു പുറപ്പെടരുതു. അതിനു ഒരു വിട്ടുവീഴ്ച ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ ഉണ്ടാവരുത്. ജീവിതം മറ്റുള്ളവരുടെ മുമ്പിൽ ചമയപ്പെടുത്തി എടുക്കുവാൻ ഒരു പക്ഷെ നമുക്ക് സാധിച്ചേക്കും എന്നാൽ നമ്മുടെ വായിൽ നിന്നു വരുന്ന ഓരോ വാക്കും മറ്റുള്ളവർ നമ്മുടെ ജീവിതത്തെ നേരിട്ട് വിലയിരുത്തുന്ന ഒന്നാണ് എന്ന കാര്യം നാം മറന്നു പോവരുത്.

എഫേസ്യർ 5:4ൽ പറയുന്നു ‘ചീത്തത്തരം, പൊട്ടച്ചാൽ, കളിവാക്കു ഇങ്ങനെ ചേർച്ചയല്ലത്തവ ഒന്നും അരുതു; സ്തോത്രമേ വേണ്ടതു.’ ഒരു ദൈവപതലിനെ സംബന്ധിച്ച് അവന്റെ ജീവിതത്തിൽ വഷളത്തമായതോ, സംസ്കാരമില്ലാത്തതോ, നിന്ദ്യമായതോ, വൃത്തികെട്ടതോ ആയ വർത്തമാനങ്ങളും ശപഥം ചെയ്യൽ, ദൈവനാമത്തിൽ

പ്രതിജ്ഞാബദ്ധരാകുക എന്നീ വക കാര്യങ്ങളും ഒന്നും അരുതു. അതു അവന്റെ ജീവിതത്തിന്നും ജീവിതവിശുദ്ധിക്കും ചേർന്നതല്ല എന്നും പൗലോസ് നമ്മെ ഓർമ്മിപ്പിക്കുന്നു. മറിച്ച് ജീവിതത്തിലുടനീളം നമ്മുടെ അധരങ്ങളിൽ നിന്ന് സ്തോത്രത്തിൻ പല്ലവികൾ മുഴങ്ങട്ടെയെന്ന് ആശീർവദിക്കുകയും ചെയ്യുന്നു.

മത്തായി 15:11ൽ ക്രിസ്തു തന്നെ പറയുന്നുണ്ട് 'മനുഷ്യനു അശുദ്ധി വരുത്തുന്നതു വായിക്കകത്തു ചെല്ലുന്നതു അല്ല, വായിൽ നിന്നു പുറപ്പെടുന്നതത്രേ; അതു മനുഷ്യനെ അശുദ്ധമാക്കുന്നു.'

നമ്മുടെ ജീവിതത്തിൽ നാം ഒരു വ്യക്തിയോട് സംസാരിക്കുമ്പോൾ അതു അയാളെ പ്രകോപിപ്പിക്കുന്ന തരത്തിലോ അല്ലെങ്കിൽ അദ്ദേഹത്തെ വേദനിപ്പിക്കുന്ന തരത്തിലോ മറ്റോ ആണോ എന്നു ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. കാരണം നമ്മുടെ വായിൽ നിന്നു വരുന്ന ഓരോ വാക്കും നമ്മുടെ ഹൃദയത്തിന്റെ സാക്ഷ്യമായിട്ടാണ് അത് കേൾക്കുന്നവർ സ്വീകരിക്കുന്നത്. നമ്മുടെ ഭാഷണം നന്നെങ്കിൽ അത് നമ്മുടെ ഹൃദയ വിശുദ്ധിയെ മറ്റുള്ളവരിലേക്ക് പകർന്നു നൽകും മറിച്ചാണെങ്കിലോ അത് നമ്മെ ലോകത്തിന്റെയും ദൈവത്തിന്റെയും മുമ്പിൽ അശുദ്ധരെന്ന് എണ്ണുവാൻ ഉതകും. ആയതിനാൽ നാം നമ്മുടെ സംസാരങ്ങളിൽ വളരെയധികം ശ്രദ്ധ ചെലുത്തുകയും അത് കേൾക്കുന്ന ഒരുവനിൽ; അവൻ ലോകക്കാരിൽ നിന്നും ഒരു ദൈവപൈതലിൽ നിന്നും കേൾക്കുമ്പോളുണ്ടാകുന്ന വേർതിരിവ് മനസ്സിലാകുന്നുണ്ടോ എന്ന് വിലയിരുത്താനും ബാധ്യസ്ഥരാണ്.

ഇവിടെയാണ് വാസ്തവത്തിൽ ഈ പാപപങ്കിലമായ ലോകത്തിൽ ക്രിസ്തു യേശുവിന്റെ അനുകാരികളായി ജീവിക്കുന്നതിന്റെ മഹിമ വെളിപ്പെട്ടു വരുന്നത്. നാം ഇടപെടുന്നവരെല്ലാം ക്രിസ്തുവിനെയും അവന്റെ വചനത്തെയും സ്വീകരിക്കുവാനുള്ള ഒരു തലത്തിലേക്ക് മാറ്റപ്പെടുവാൻ ഇടയായിത്തീരണം. അതിന്നു നാം നിത്യം ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ പൂർണ്ണ നിയന്ത്രണത്തിലും നിറവിലും ആയിരിക്കണം. അത് സാധ്യമാകുന്നതോ അനുനിമിഷം ദൈവവുമായുള്ള നമ്മുടെ ബന്ധം ഒരു വിള്ളലുപോലും ഇല്ലാതെ കാത്തു സൂക്ഷിക്കുന്നതനുസരിച്ചിരിക്കും. അപ്രകാരം ദൈവീക ബന്ധത്തിൽ ശിഥിലമായ ഒരു അടിത്തറയുണ്ടാവാനും പൂർണ്ണമായും ദൈവത്തിൻ പരിശുദ്ധാത്മാവിൻ നിയന്ത്രണത്തിൽ ആകുവാനും ക്രിസ്തുവിന്റെ യഥാർത്ഥ അനുകാരികളായി മാറ്റപ്പെടുവാനും ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

സദൃശ്യവാക്യങ്ങൾ 10:11

‘നീതിമാന്റെ വായ് ജീവന്റെ ഉറവാകുന്നു. എന്നാൽ ദുഷ്ടന്മാരുടെ വായെ സാഹസം മൂടുന്നു.’

ബ്രദർ. ബിനു ബേബി ആലപ്പുഴ 071